പതിനാലാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1558 — 31.01.2018-ൽ മറുപടിയ്ക്ക്

## പെൻഷനും ആനുകൂല്യങ്ങളും അനുവദിച്ച് നൽകുന്നതിന് നടപടി

| ചോദ്യം<br>ശ്രീ.വി.ജോയി | മറുപടി<br>ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| (എ) കൊല്ലം ആദിച്ചനല്ലൂർ കൃഷി ഭവനിൽ ക്ലാർക്കായി സേവനം അനുഷ്ഠിച്ചു വരവെ 06.07.16-ൽ അന്തരിച്ച ശ്രീ.അജിത്ത് കുമാറിന്റെ അവകാശികൾക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും ഇന്നേവരെ ലഭിച്ചിട്ടില്ലാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഇക്കാര്യത്തിൽ ഉണ്ടായിട്ടുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ?<br>(സി) കാലതാമസം ഒഴിവാക്കി ആശ്രിതർക്ക് പെൻഷനും ആനുകൂല്യങ്ങളും അനുവദിച്ച് നൽകുന്നതിനു അടിയന്തിര നടപടി സ്വീകരിക്കുമോ; | (ബി)&(സി)<br>സമാശ്വാസ തൊഴിൽദാനപദ്ധതി പ്രകാരം പന്മന കൃഷിഭവനിൽ 06.10.1995 ൽ ജോലിയിൽ പ്രവേശിച്ച ശ്രീ.അജിത്ത് കുമാർ.ആർ കൊല്ലം ആദിച്ചനല്ലൂർ കൃഷി ഭവനിൽ ക്ലാർക്കായി സേവനമനുഷ്ഠിച്ച് വരവെ 06.07.2016 ന് അന്തരിച്ചു. ടിയാന്റെ 20 വർഷത്തിലധികമുള്ള സേവനകാലത്തിനിടയിൽ ക്ലാർക്ക് തസ്തികയിലെ പരിവീക്ഷാകാലം പൂർത്തിയാക്കുന്നതിന് അനിവാര്യമായ MOP ടെസ്റ്റ് ടിയാൻ പാസായിട്ടില്ല. ഇക്കാരണത്താൽ ടിയാന്റെ പരിവീക്ഷാകാലം പൂർത്തീകരിച്ചോ സേവനം ക്രമീകരിച്ചോ ഉത്തരവായിട്ടില്ല. ശ്രീ.അജിത്ത് കുമാർ.ആർ-ന്റെ ടെർമിനൽ ലീവ് സറണ്ടർ, ജി.പി.എഫ് ക്ലോഷർ എന്നീ ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്. ശ്രീ.അജിത്ത് കുമാർ.ആറിന് 8, 15 വർഷങ്ങളിലെ സമയബന്ധിത ഹയർഗ്രേഡ് അനുവദിക്കുന്നത് സംബന്ധിച്ച സ്പഷ്ടീകരണത്തിനായി വകുപ്പ് ഡയറക്ടർ 06.12.2017 ന് സമർപ്പിച്ച പ്രൊപ്പോസൽ ബന്ധപ്പെട്ട സർവ്വീസ് ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ